ACHARYA SCHOOL OF DESIGN
LIBRARY
Date.............
BENGALURU - 560 107

**AECML4.4**

Reg. No. | | | | | | | | |

**IV Semester B.Sc./B.Sc.(FAD) Degree Examination, July/August - 2024**

**MALAYALAM LANGUAGE**

**(NEP 2022-23 Onwards Freshers + Repeaters)**

**Paper - IV (Part - I)**

**Time : 2½ Hours** **Maximum Marks : 60**

## SECTION - A

**I.** എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. **(7×1=7)**

1. സൂര്യകാന്തി എന്ന കവിത രചിച്ചതാര് ?
   a) വള്ളത്തോൾ b) ചങ്ങമ്പുഴ
   c) വൈലോപ്പിള്ളി d) ജി. ശങ്കരക്കുറുപ്പ്

2. സിനിമയുടെ അടിസ്ഥാന ഘടകം ഏത് ?
   a) സംഗീതം b) തിരക്കഥ
   c) ചിത്രസംയോജനം d) ചിത്രരചന

3. മദർ തെരേസയുടെ പഴയ പേരെന്ത് ?
   a) ഹന്ന b) മറിയം
   c) ആഗ്നസ്സ് d) ലോത്ത്

4. ലോകം വിറച്ചു പോകുന്നത് ആരെക്കുറിച്ച് ഓർക്കുമ്പോഴാണ് ?
   a) മരണം b) ജനനം
   c) വാർദ്ധക്യം d) യുവത്വം

5. സാഹിത്യ ശാഖയിൽ ഏതു മേഖലയാണ് അശക്തമായി തീർന്നിരിക്കുന്നത് ?
   a) കവിത b) നിരൂപണം
   c) ചെറുകഥ d) ലേഖനം

6. 'വിശുദ്ധ മദർ തെരേസ' ഏതു സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?
   a) നോവൽ b) ആത്മകഥ
   c) ചരിത്രം d) ജീവചരിത്രം

7. പഥികൻ എന്ന വാക്കിന്റെ അർത്ഥം :
   a) വഴിയാത്രക്കാരൻ b) കച്ചവടക്കാരൻ
   c) ഭർത്താവ് d) സന്യാസി

[P.T.O.

**II.** ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. (സന്ദർഭം, ആശയം, വ്യക്തമാക്കുക)

**(4×3=12)**

1. പിറകിലും മുൻപിലും രണ്ടു പാർശ്വത്തിലും
   മുറവിളിയല്ലാതെ കേൾപ്പതില്ല
2. ആരു നീയെന്നുജത്തി ? നിർന്നിമേഷമായെന്തേൻ?
   തേരു പോകവേ നേരെ നോക്കി നില്ക്കുന്നു ദൂരെ
3. ജീവിതംപോലെ രണ്ടറ്റവും കാണത്തൊ-
   രാവഴിയിങ്കൽ തനിച്ചു ഞാൻ നിന്നുപോയ്
4. മേനിമേവിറക്കില്ല ചുണ്ടിണ ചലിക്കില്ല
   ഗ്ലാനിവന്നുദിക്കില്ല വിളറിപ്പോകില്ലാസ്യം
5. എത്രയും പേടിച്ചരണ്ട ചിപശുഷ്ക
   പത്രങ്ങൾ മോഹം കലർന്നു പതിക്കവേ
6. നന്ദികാണിപ്പാനെന്റെ ശിരസ്സു കുനിഞ്ഞതു
   മന്ദിതോസാഹൽ പോകെ കണ്ടിരിക്കില്ല ദേവൻ

## SECTION - B

**III.** ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (അരപുറത്തിൽ)

**(4×5=20)**

1. മരണത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാടാണ് എന്റെ വേളി' – വിലയിരുത്തുക.
2. 'മോരുകൂട്ടി കഴിച്ചാൽ' – എന്ന ലേഖനത്തെ വിലയിരുത്തുക.
3. കൽക്കത്തയിലെ മിഷനറി പ്രവർത്തനത്തെക്കുറിച്ച് വിവരിക്കുക.
4. ഉപന്യാസം തയ്യാറാക്കുക
   തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
5. കത്തെഴുതുക.
   നിങ്ങൾ നടത്തിയ വിനോദയാത്രയെ കുറിച്ച് സുഹൃത്തിന് കത്തെഴുതുക. .
6. ആശയം മൂന്നിലൊന്നായി സംഗ്രഹിക്കുക.
   ആശയ വിനിമയ രംഗത്ത് ഏറ്റവും ഒടുവിൽ ഉണ്ടായ വിപ്ലവകരമായ സംവിധാനമാണ് ഇന്റർനെറ്റ്. ഒരിക്കൽ വിദൂരത്തുള്ളവരെ കത്തുകൾ മൂലം വിവരങ്ങൾ എഴുതി അറിയിച്ചിരുന്നു. അനന്തരം ടെലിഫോൺ വഴി ആശയം വിനിമയം ചെയ്യാൻ കഴിഞ്ഞു. ലോകമെങ്ങുമുള്ള ടെലിഫോൺ ശൃംഖലയെ ബന്ധിക്കാൻ കഴിഞ്ഞതും മഹത്തായ നേട്ടമായിരുന്നു. സംഭാഷണത്തിൽ ഏർപ്പെടുന്ന വ്യക്തികൾ തമ്മിൽ കാണാൻ സാധിക്കുന്നില്ല. അതുകൊണ്ട് ടെലിഫോൺ സന്ദേശം ഉദ്ദേശിച്ച ഫലം തരുന്നില്ല.

## SECTION - C

**IV.** ഒരു പുറത്തിൽ ഉത്തരമെഴുതുക. **(3×7=21)**

1. സൂര്യകാന്തി എന്ന കവിതയിൽ സൂര്യകാന്തിയുടെ ആകുലതകൾ എന്തെല്ലാം ? വിശദമാക്കുക.

(അല്ലെങ്കിൽ)

'ഇന്നു ഞാൻ നാളെ നീ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

2. തിരക്കഥയിൽ സംഭാഷണത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുക.

(അല്ലെങ്കിൽ)

സാഹിത്യകാരന്മാർക്ക് നല്കുന്ന പാരിതോഷികം ഇന്ന് പ്രലോഭനമാണെന്നു പറയുന്നതെന്തുകൊണ്ട് ? വിശദമാക്കുക.

3. കാരുണ്യത്തിന്റെ സ്നേഹസ്പർശമായിരുന്നു മദർ തെരേസ. വിശദമാക്കുക.

(അല്ലെങ്കിൽ)

മദർ തെരേസയുടെ ജീവിതം വിവരിക്കുക.